## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1527   11/08/2017 ൽ മറുപടിക്ക്

## പാതയോരങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | **കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** പാതയോരങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | **എ)** ഉണ്ട് |
| **ബി)** എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | **ബി)** പൊതു നിരത്തുകളിലും പൊതു സ്ഥലങ്ങളിലും നില്ക്കുന്ന വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും വൃക്ഷങ്ങളും അവയുടെ ശിഖിരങ്ങളും വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 14/07/2017-ൽ 248/ആർ.സി.3/2016/ത.സ്വ.ഭ.വ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഗീനനസ്ന.

കേരള സർക്കാർ

നം. 248/ആർ.സി.3/2016/ത.സ്വ.ഭ.വ

തദ്ദേശസ്വയംഭരണ(ആർ.സി)വകുപ്പ്
തിരുവനന്തപുരം,തീയതി, 14/07/2017

## സർക്കുലർ

വിഷയം: പൊതു നിരത്തുകളിലും പൊതു സ്ഥലങ്ങളിലും നിൽക്കുന്ന വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും, വൃക്ഷങ്ങളും അവയുടെ ശിഖരങ്ങളും കടപുഴകിയും ഒടിഞ്ഞുവീണുമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നത് -സംബന്ധിച്ച്.

സൂചന: ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ 22.06.2017 ലെ യോഗത്തിലെ തീരുമാനം.

പൊതു നിരത്തുകളിലും, സ്ഥലങ്ങളിലും നിൽക്കുന്ന വൃക്ഷങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും പ്രസ്തുത വൃക്ഷങ്ങളും, അവയുടെ ശിഖരങ്ങളും കടപുഴകിയും ഒടിഞ്ഞുവീണുമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. നിലവിൽ മരങ്ങൾ മുറിയ്ക്കുന്നതിന് മുൻപായി ജില്ലാതലത്തിൽ രൂപീകൃതമായിട്ടുള്ള 'ട്രീ' കമ്മിറ്റിയുടെ അനുവാദം ലഭ്യമാക്കേണ്ടതുണ്ട്. 'ട്രീ' കമ്മിറ്റിയുടെ അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പ്രാദേശികതലത്തിൽ കമ്മിറ്റി രൂപീകരിക്കണം.

2. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർമാൻ ചെയർമാനും, സെക്രട്ടറി കൺവീനറും വില്ലേജ് ഓഫീസർ, വനം വകുപ്പ് റേഞ്ച് ഓഫീസർ തുടങ്ങിയവർ അംഗങ്ങളും ആയിട്ടുള്ള പ്രസ്തുത കമ്മിറ്റി ആയിരിക്കണം ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് തീരുമാനമെടുക്കേണ്ടത്. മൂന്ന് പേർ ചേർന്നാൽ ക്വാറം തികയുന്നതായി കണക്കാക്കാവുന്നതാണ്.

3. പൊതു സ്ഥലങ്ങളിലെ മരങ്ങളും ശിഖരങ്ങളും കടപുഴകിയും ഒടിഞ്ഞു വീണുമുണ്ടാകുന്ന അപകടങ്ങളുടെ സാധ്യത കമ്മിറ്റി പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റുവാൻ ബന്ധപ്പെട്ട ഉടമസ്ഥരോട് ആവശ്യപ്പെടാവുന്നതും, അപ്രകാരം ചെയ്യാത്തപക്ഷം, മുറിച്ചുമാറ്റിയിട്ട് ചെലവ് ബന്ധപ്പെട്ട സ്വകാര്യ വ്യക്തിയുടെ പക്കൽ നിന്നും ഈടാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് വകയിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

4. മുറിച്ചുമാറ്റുന്ന മരങ്ങളുടെ വാല്വേഷൻ വനം വകുപ്പ് അധികൃതർ തിട്ടപ്പെടുത്തേണ്ടതാണ്.

**മുഹമ്മദ് റിയാസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, വനം വകുപ്പ്, തിരുവനന്തപുരം

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,

ചീഫ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറി മാർക്കും
(പഞ്ചായത്ത് ഡയറക്ടർ,/ നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.